# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6705 — 09/07/2014-ൽ മറുപടിക്ക്

## മൃഗശാലകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

ചോദ്യം

ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ:
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ.വി.അബ്ദുൾ ഖാദർ:

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൃഗശാലകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലെ അപര്യാപ്തതമൂലം മൃഗങ്ങളെ പരിപാലിക്കുന്നതിന് സാധിക്കാതെ വരുന്നു എന്നും ഗുരുതരമായ രോഗങ്ങൾ വന്ന് മൃഗങ്ങൾ ചാകുന്നതിന് കാരണമാകുന്നു എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മൃഗശാലകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലെ അപര്യാപ്തതമൂലം മൃഗങ്ങളെ പരിപാലിക്കുന്നതിന് സാധിക്കാതെ വരുന്നതായും ഗുരുതരമായ രോഗങ്ങൾ വന്ന് മൃഗങ്ങൾ ചാകുന്നതായുമുള്ള ആക്ഷേപങ്ങളൊന്നും നിലവിലില്ല. |
| (ബി) | നിരവധി പേർ സന്ദർശകരായി എത്തുന്ന മൃഗശാലകളിൽ കുടിവെള്ളം പോലുള്ള അടിസ്ഥാന സൗകര്യം ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. പ്രസ്തുത പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സന്ദർശകർക്കായി മൃഗശാല പ്രവേശന കവാടത്തിനടുത്തും മൃഗശാലയ്ക്കുള്ളിലുമായി നാലിടത്ത് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ടി സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മൃഗശാലയിൽ സുലഭ് ഇന്റർനാഷണൽ നടത്തുന്ന ടോയ് ലറ്റും മുടക്കം കൂടാതെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു ഷീ ടോയ്-ലറ്റും സ്ഥാപിച്ചിട്ടുണ്ട്. മ്യൂസിയം പരിസരത്ത് കാർ പാർക്കിംഗിനു സമീപം സുലഭ് ടോയ്-ലറ്റും രണ്ട് ഇ-ടോയ് ലറ്റുകളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | വിദേശത്തുനിന്നും എത്തിക്കുന്ന മൃഗങ്ങൾക്ക് യഥാസമയം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതും ആവശ്യമായ തരത്തിലുള്ള കൂടുകളും മറ്റും സ്ഥാപിക്കാത്തതും മൂലം പലപ്പോഴും മൃഗങ്ങളെ പ്രദർശിപ്പിക്കാൻ സാധിക്കാതെ വരുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | വിദേശത്തുനിന്നും എത്തിക്കുന്ന മൃഗങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നാൽ ഇന്ത്യാഗവൺമെന്റിന്റെ കീഴിലുള്ള അനിമൽ ക്വാറന്റൈൻ ആന്റ് സർട്ടിഫിക്കേഷൻ സർവ്വീസസിന്റെ ക്ലിയറൻസ് ലഭിക്കേണ്ടതായിട്ടുണ്ട്. ഈ ക്ലിയറൻസ് ലഭിച്ചാൽ മാത്രമേ ഭാരതത്തിലേയ്ക്ക് മൃഗങ്ങളെ കൊണ്ടുവരാൻ അനുവദിക്കുകയുള്ളൂ. ഇതിന്റെ കാലാവധി പല മൃഗങ്ങൾക്കും വ്യത്യസ്തമാണ്. അനിമൽ ക്വാറന്റൈൻ ആന്റ് സർട്ടിഫിക്കേഷൻ സർവ്വീസസിന്റെ അനുവാദം ലഭിച്ച മുറയ്ക്ക് അപ്പോൾതന്നെ വിദേശത്ത് നിന്നും ലഭിക്കുന്ന മൃഗങ്ങളെ പ്രദർശിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | വർഷങ്ങൾ പഴക്കമുള്ള കൂടുകൾ തുരുമ്പെടുത്ത നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതമൂലം പരിചരണം നൽകാൻ സാധിക്കാതെ രോഗാവസ്ഥയിലാകുന്ന പക്ഷിമൃഗാദികൾക്ക് സംരക്ഷണം നൽകാൻ സാധിക്കാതെ ജീവനക്കാർ ആശങ്കയിലാണെന്ന വാർത്തകൾ വിലയിരുത്തിയിട്ടുണ്ടോ ? | (ഡി) | പഴക്കമുള്ള കൂടുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതമൂലം പരിചരണം നൽകാൻ സാധിക്കാതെ രോഗാവസ്ഥയിലാകുന്ന പക്ഷിമൃഗാദികൾക്ക് സംരക്ഷണം നൽകാൻ സാധിക്കാതെ ജീവനക്കാർ ആശങ്കയിലാകുന്ന അവസ്ഥ നിലവിലില്ല. തിരുവനന്തപുരം മൃഗശാലയിൽ വന്യമൃഗങ്ങൾക്ക് ഇന്ത്യയിൽ ലഭ്യമാക്കാവുന്ന ഏറ്റവും മുന്തിയ തരത്തിലുള്ള ചികിൽസയാണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ